**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3127** **13-07-2022 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഗുരുവായൂർ പൈതൃക ടൂറിസം പദ്ധതിയുടെയും ചക്കംകണ്ടം ടൂറിസം പദ്ധതിയുടെയും വിശദാംശം അറിയിക്കുമോ; | (എ) | ചക്കംകണ്ടം പ്രദേശത്ത് ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി സ്ഥല ലഭ്യത സംബന്ധിച്ച് സർവ്വേ നടത്തി പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടി പ്രാരംഭഘട്ടത്തിലാണ്. ടി പദ്ധതി നടപ്പിലാക്കുന്നതിനായി സ്ഥലം സർവ്വേ നടത്തി സ്കെച്ച് ലഭ്യമാക്കുവാൻ തൃശ്ശൂർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | എ പിരിവിന്റെ അതേ ഉത്തരം. |
| (സി) | ഗുരുവായൂർ മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം അറിയിക്കുമോ? | (സി) | ഗുരുവായൂർ മണ്ഡലത്തിൽ ടൂറിസം വകുപ്പിന്റെ പഴയ അതിഥി മന്ദിരം പൊളിച്ചു നീക്കി ഗുരുവായൂരിൽ 22 .45 കോടി രൂപ ചെലവിൽ 8 നിലകളിലായി 55 മുറികളോട്ടുകൂടി അത്യാധുനിക സൗകര്യങ്ങൾ ഉൾപ്പെടുത്തിയ പുതിയ അതിഥി മന്ദിര നിർമ്മാണം പൂർത്തീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ